(സി) 1975-ൽ പാർഷിക അറ്റകുറ്റപ്പണികൾ ചെയ്തു, 1977-ൽ വിദ്യുച്ഛക്തി വിതരണ അറ്റകുറ്റപ്പണികളും നടത്തിയിട്ടുണ്ട്.

(ഡി) പുതുക്കിപ്പണിയാൻ മാത്രം കേടുപാടുകൾ ഉണ്ടോ എന്ന കാര്യം പൊതുമരാമത്തു വകുപ്പുമായി അന്വേഷിച്ചു തീരുമാനിക്കുന്നതാണ്. പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിന്റെ പരിതാപകരമായ അവസ്ഥ

777 [1145] ഡോ. ജോർജ് മാത്യു:

ശ്രീ. തോമസ് ജോസഫ്:

ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിന്റെ പരിതാപകരമായ അവസ്ഥ വിവരിച്ചുകൊണ്ടും അവയ്ക്കു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കുട്ടികളുടെ ആശുപത്രിയിൽ പുരുഷൻമാരെക്കൂടി പരിചാരകൻമാരായി നിൽക്കാൻ അനുവദിക്കുവാനും കുളിമുറി, കക്കൂസ് മുതലായവ ലഭ്യമാക്കുവാനുമായി ആവശ്യപ്പെട്ടുകൊണ്ട് ഒരു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ട്.

(ബി) പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ വേണ്ട നിർദ്ദേശം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്.

പട്ടംതാണുപിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹോമിയോ ആശുപത്രി

778 [1146] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്തു കിഴക്കേകോട്ടയിൽ പട്ടംതാണുപിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹോമിയോ ആശുപത്രിക്കുവേണ്ടി കെട്ടിടം പണി തീർത്തിട്ട് ഒരു വർഷം കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാത്തത്?

ഉത്തരം

കിഴക്കേകോട്ടയിൽ പട്ടംതാണുപിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹോമിയോ ആശുപത്രിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ എല്ലാ പണികളും തീർന്നിട്ടില്ല. വൈദ്യുതീകരണം മുതലായ ജോലികൾ നടന്നുവരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly